# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3701

### 21-06-2018 ൽ മറുപടിക്ക്

### ബഡ്ജറ്റിൽ പ്രഖ്യാപിച്ച മതിലകം റവന്യൂ ടവർ

| ചോദ്യം<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) കയ്പമംഗലം നിയോജകമണ്ഡലത്തിലെ മതിലകം ബ്ലോക്ക് പഞ്ചായത്ത് പരിസരത്ത് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതും 2016-2017 ബഡ്ജറ്റിൽ പ്രഖ്യാപിച്ചതുമായ മതിലകം റവന്യൂ ടവറിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ;<br>(ബി) റവന്യൂ ടവറിന്റെ നിർമ്മാണം ദ്രുതഗതിയിൽ ആക്കുന്നതിനു സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | ഇല്ല. മതിലകം റവന്യൂ ടവർ ഉൾപ്പെടെ 25 പദ്ധതികൾ പ്രത്യേക നിക്ഷേപപദ്ധതി പ്രകാരം നടപ്പിലാക്കാൻ ഭവന നിർമ്മാണ ബോർഡിനെ ഏൽപ്പിച്ചുകൊണ്ടും അവയ്ക്കായി ഭൂമി കണ്ടെത്തുന്നതിനായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്കു നിർദ്ദേശം നല്കിക്കൊണ്ടും സ.ഉ(സാധ)/56/2016/ഭവനം തീയതി. 16/11/2016 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതികൾ എല്ലാം റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടുള്ളതായതിനാൽ പദ്ധതികൾക്ക് ഭരണാനുമതി നല്കേണ്ടതും നിർവ്വഹണ ഏജൻസിയായ SPV-യെ നിയമിക്കേണ്ടതും റവന്യൂ വകുപ്പാണ്. ആയതിനാൽ ഭവനനിർമ്മാണവകുപ്പ് ഈ പദ്ധതികളുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ റദ്ദ് ചെയ്ത് പകരം റവന്യൂ വകുപ്പ് ഭരണാനുമതി നൽകുന്നതിനായി ഭവന നിർമ്മാണ വകുപ്പ് നിർദ്ദേശിച്ചിരിക്കുന്നു. നിലവിൽ മതിലകം റവന്യൂ ടവർ നിർമ്മാണവുമായി ബന്ധപ്പെട്ട ഭരണാനുമതി റവന്യൂ വകുപ്പ് പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ